Page 1 of 1

ശ്രീ. കെ. പി. അരവിന്ദാക്ഷൻ അവതരിപ്പിച്ച പ്രമേയം ഐകകണ്ഠ്യേന സഭ പാസ്സാക്കി.

## X റൂളിംഗ്

### പബ്ലിക് സർവ്വീസ് അംഗങ്ങളുടെ നിയമനം സംബന്ധിച്ച്

മി. സ്പീക്കർ: പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗങ്ങളെ നിയമിക്കുന്നത് സംബന്ധിച്ച് സഭ നിറുത്തിവച്ച് ചർച്ച ചെയ്യുന്നതിന് ശ്രീ. എം. എം. ഹസ്സൻ ഒരു അടിയന്തിര പ്രമേയത്തിന് കഴിഞ്ഞദിവസം (1-4-1991-ന്) നോട്ടീസ് നൽകിയിരുന്നു. പി. എസ്. സി. ഒരു സ്വതന്ത്ര സ്ഥാപനമായതിനാലും ഭരണഘടന അനുസരിച്ച് ഗവർണ്ണറാണ് പി. എസ്. സി. അംഗങ്ങളെ നിയമിക്കുന്നത് എന്നതിനാലും ആ നടപടി സഭയിൽ ചർച്ച ചെയ്യാൻ പാടില്ലെന്ന് ചെയർ റൂളിംഗ് നൽകിയിരുന്നു.

എന്നാൽ പി. എസ്. സി.യിലെ അംഗങ്ങളുടെ നിയമനം സംബന്ധിച്ച് ഈ സഭയിൽ ശ്രദ്ധ ക്ഷണിക്കൽ പ്രമേയമായി 1983 ആഗസ്റ്റ് 2-ാം തീയതി വരികയും അന്നത്തെ മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്ത കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് റൂളിംഗ് പുനഃപരിശോധിക്കണമെന്ന് പ്രതിപക്ഷനേതാവ് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ രേഖകൾ പരിശോധിച്ചശേഷം റൂളിംഗ് പിന്നീട് നൽകുമെന്ന് അറിയിച്ചിരുന്നു.

പി. എസ്. സി. നിയമനങ്ങൾ സംബന്ധിച്ച് ഒരു സബ്മിഷൻ 1983 ആഗസ്റ്റ് 2-ാം തീയതി ഉന്നയിക്കുകയും മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പ്രതിപക്ഷനേതാവ് പറയുന്നതുപോലെ അത് ശ്രദ്ധക്ഷണിക്കൽ പ്രമേയമായിരുന്നില്ല. പി. എസ്. സി.യിൽ അംഗങ്ങളെ നിശ്ചയിക്കുന്നത് അതാത് പാർട്ടികളാണെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ വിവരം ആരായുന്നതിനുമാത്രമാണ് സബ്മിഷൻ ഉന്നയിച്ചത്. എന്നാൽ ശ്രീ. ഹസ്സന്റെ പ്രമേയം പി. എസ്. സി. അംഗങ്ങളുടെ നിയമനങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടിയും, നിയമനത്തിൽ അഴിമതിയും സ്വജനപക്ഷപാതവും ആരോപിച്ചുകൊണ്ടും ഉള്ളതായിരുന്നു. സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. അതുകൊണ്ടാണ് പ്രമേയം ചെയർ അനുവദിക്കാതിരുന്നത്.

പി. എസ്. സി.യെ പോലെ ഭരണഘടനാപരമായി സ്വതന്ത്രമായ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സഭയ്ക്കുള്ളിൽ ചർച്ച ചെയ്യുക ശരിയല്ലെന്നും അതേസമയം പി. എസ്. സി.യുടെ പ്രവർത്തനങ്ങൾ വാർഷിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഭയിൽ ചർച്ച ചെയ്യാവുന്നതാണെന്നും മുമ്പ് നൽകിയ റൂളിംഗ് പുനഃപരിശോധിക്കേണ്ട ആവശ്യമുള്ളതായി ചെയർ കരുതുന്നില്ല.

## XI അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ: 1990 ജൂലായ് 7-ാം തീയതി മാതൃഭൂമി, മലയാള മനോരമ, വീക്ഷണം എന്നീ ദിനപ്പത്രങ്ങളിൽ പ്രതിപക്ഷനേതാവ് ശ്രീ. കെ. കരുണാകരന്റേതായി വന്ന ഒരു പ്രസ്താവനയിലെ ചില പരാമർശങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹത്തിനെതിരെ ഒരു അവകാശ ലംഘന പ്രമേയത്തിന് ശ്രീ. കെ. പി. അരവിന്ദാക്ഷൻ ഒരു നോട്ടീസ് നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly